**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 913** **26-07-2021 - ൽ മറുപടിയ്ക്ക്**

**റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിക്കുന്നതിന്റെ മാനദണ്ഡങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ഡി കെ മുരളി | | **Shri. K. Rajan**<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | റിവർ മാനേജ്മെന്റ് ഫണ്ട് വിനിയോഗിക്കുന്നതിന്റെ മാനദണ്ഡങ്ങൾ വിശദമാക്കാമോ; | (എ) | കടവോ നദീതീരമോ പരിപാലിക്കുന്നതിലേക്ക് നദീതീര വികസന പദ്ധതികൾ നടപ്പാക്കുന്നതിലേക്കും ആവശ്യമായ എല്ലാ ചെലവുകളും വഹിക്കുന്നതിലേക്കായി ജില്ലാ കളക്ടർ , റിവർ മാനേജ്മെന്റ് ഫണ്ട് എന്ന പേരിൽ ഒരു ഫണ്ട് രൂപീകരിക്കേണ്ടതും അത് കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ആക്ടിലേയും ചട്ടങ്ങളിലേയും വ്യവസ്ഥകൾക്ക് വിധേയമായി വിനിയോഗിക്കുകയും ചെലവാക്കുകയും ചെയ്യേണ്ടതുമാകുന്നു. അപ്രകാരം റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും താഴെപ്പറയുന്ന ചിലവിനങ്ങൾ ചെലവഴിക്കാവുന്നതാണ്. (1) സർക്കാർ അംഗീകരിച്ച നദീതീര വികസന പദ്ധതികൾ നടപ്പാക്കുന്നതിന് വേണ്ടി വരുന്ന തുകകൾ. (2) കാലാകാലങ്ങളിൽ മണലിന്റെ അളവ് തിട്ടപ്പെടുത്തുന്നതിനു വേണ്ടി വരുന്ന തുക. (3) സംസ്ഥാന ഉന്നതതല സമിതിയുടേയും ജില്ലാ വിദഗ്ധ സമിതിയുടേയും യോഗ നടപടികളുമായി ബന്ധപ്പെട്ടും പ്രസ്തുത സമിതിയുടെ ഒഫിഷ്യൽ അംഗങ്ങളുടെ യാത്രാബത്തയും ദിനബത്തയും സിറ്റിംഗ് ഫീസുമായി ബന്ധപ്പെട്ട് ജില്ലാ ഫണ്ടിൽ നിന്നും നൽകുന്നതിനു വേണ്ടി വരുന്ന ചെലവുകൾ. (4) ആഡിറ്റ് ഫീസിനുള്ള തുക. (5) പ്രകൃതിക്ഷോഭം, വരൾച്ച, പേമാരി എന്നിവ മൂലമുണ്ടായ നാശനഷ്ടങ്ങൾ പുന:സ്ഥാപിക്കുന്നതിലേക്കായി സർക്കാർ നടത്തിയതും പൂർത്തീകരിച്ചതുമായ പ്രവൃത്തികൾക്ക് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുവാദത്തോടെയോ പ്രത്യേക നിർദ്ദേശത്തോടെയോ നൽകുന്ന ചെലവുകൾ. (6) മണൽ നീക്കം ചെയ്യുന്നത് അനുവദിച്ചിട്ടില്ലാത്ത സ്ഥലങ്ങളിൽ കടവു നിർത്തൽ ചെയ്യുന്നതിനും സംരക്ഷണ ഭിത്തികൾ നിർമ്മിക്കുന്നതിനും ആവശ്യപ്പെട്ട തുക. (7) മണൽ കൊണ്ടു പോകുമ്പോൾ നൽകേണ്ടതായ പാസ് |

| | | | |
|---|---|---|---|
| | | | അച്ചടിക്കുന്നതിനുള്ള ചെലവുകൾ. (8) ജീവനക്കാരെ ദിവസവേതനത്തിൽ നിയമിക്കുമ്പോൾ ഒരു ദിവസം 120/- രൂപ വീതം നൽകുന്നതിനുള്ള ചെലവുകൾ. (9) വാഹനങ്ങൾ കടവിൽ പ്രവേശിക്കുന്നത് തടയുന്നതിലേക്കായി നൂറ് മീറ്റർ ദൂരത്തിൽ സംരക്ഷണ ഭിത്തികൾ നിർമ്മിക്കുന്നതിനുള്ള തുക. (10) നദികളിൽ നിന്നുള്ള നിയമ വിരുദ്ധമായ മണൽ വാരലും, കടത്തിക്കൊണ്ടു പോകലും തടയുന്നതിനുള്ള സ്ക്വാഡു പ്രവർത്തനങ്ങൾക്കും പട്രോളിംഗിനും ഉപയോഗിക്കുന്നതിനായി വാഹനങ്ങൾ വാങ്ങൽ, അത്തരം വാഹനങ്ങളുടെ താൽക്കാലിക ഡ്രൈവർമാർക്കുള്ള ദിവസവേതനം നൽകൽ, വാഹനത്തിനാവശ്യമായ ഇന്ധനം വാങ്ങൽ, അറ്റകുറ്റപ്പണികൾ നടത്തൽ എന്നീ ആവശ്യങ്ങൾക്കുള്ള ചെലവുകൾ (11) സർക്കാർ മുൻകൂർ അനുമതിയോടെയോ അല്ലെങ്കിൽ സർക്കാർ നിർദ്ദേശിക്കുന്ന വിധത്തിലോ ആവശ്യങ്ങൾ നടപ്പിലാക്കുന്നതിനു വേണ്ട തുക. |
| (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രസ്തുത ഫണ്ട് ഉപയോഗിച്ച് ആകെ എന്ത് തുക വിനിയോഗിച്ചുവെന്ന് അറിയിക്കാമോ; | (ബി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആകെ 4,09,80,399/-രൂപ ( 4 കോടി ഒൻപത് ലക്ഷത്തി എൺപതിനായിരത്തി മുന്നൂറ്റി തൊണ്ണൂറ്റി ഒൻപത് രൂപ മാത്രം) വിനിയോഗിച്ചിട്ടുണ്ട്. സാമ്പത്തിക വർഷം അടിസ്ഥാനത്തിൽ കണക്ക് അനുബന്ധമായി ചേർക്കുന്നു. |
| (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രസ്തുത ഫണ്ട് ഉപയോഗിച്ച് വാമനപുരം മണ്ഡലത്തിൽ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; | (സി) | കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രസ്തുത ഫണ്ട് ഉപയോഗിച്ച് വാമനപുരം മണ്ഡലത്തിൽ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. |
| (ഡി) | ഉണ്ടെങ്കിൽ ഓരോന്നിന്റെയും വിശദവിവരങ്ങൾ നൽകാമോ? | (ഡി) | പ്രവൃത്തിയുടെ പേര് ചുവടെ ചേർക്കുന്നു. പൂവുത്തൂർ ക്ഷേത്രക്കടവ് , പൊന്നും ചൂടത്ത് ചപ്പാത്തു മുക്ക് റീച്ച് , മരുതൂർക്കടവ്, കേരള സർവ്വകലാശാല കോളേജിലെ എൻ.എസ്.എസ് ശാഖകളെ നിയോഗിച്ചു കൊണ്ട് തിരുവനന്തപുരം ജില്ലയിലെ വാമനപുരം നദിയുടെ സംരക്ഷണ ബോധവൽക്കരണ പ്രവർത്തനം നടത്തിയത്. |

സെക്ഷൻ ഓഫീസർ

| ക്രമ നമ്പർ | സാമ്പത്തിക വർഷം | തുക |
|---|---|---|
| 01 | 2016-17 | 36211050 |
| 02 | 2017-18 | 2440257 |
| 03 | 2018-19 | 1889981 |
| 04 | 2019-20 | 24874 |
| 05 | 2020-21 | 414237 |
| | | 4,09,80,399/- |